"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

ഉന്നതവിദ്യാഭ്യാസ വകുപ്പ്- കോഴിക്കോട് ഗവ.ആർട്സ് & സയൻസ് കോളേജിലേക്ക് ജിംനേഷ്യം ഉപകരണങ്ങൾ വാങ്ങുന്നതിനും പാലക്കാട് സി.എം.ജി മ്യൂസിക് കോളേജ് ലൈബ്രറിയിലെ പുസ്തകങ്ങൾ സൂക്ഷിക്കുന്നതിന് അലമാര വാങ്ങുന്നതിനുമുള്ള തുക പി.ഡി അക്കൗണ്ടിൽ നിന്നും വിനിയോഗിക്കുന്നതിനുള്ള അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ഉന്നതവിദ്യാഭ്യാസ(സി) വകുപ്പ്**

**സ.ഉ.(സാധാ) നം.586/2021/ഉ.വി.വ** തീയതി,തിരുവനന്തപുരം, 13/04/2021

പരാമർശം:- 1 26/10/2017 തീയ്യതിയിലെ സ.ഉ(സാധാ)നം.1939/2017/ഉ.വി.വ നമ്പർ സർക്കാർ ഉത്തരവ്.

2 കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ 12.07.2020 തീയ്യതിയിലെ കെ2/5398/2019/കോ.വി.വ നമ്പർ കത്ത്.

<u>ഉത്തരവ്</u>

കോഴിക്കോട് ഗവ.ആർട്സ് & സയൻസ് കോളേജിലേക്ക് ജിംനേഷ്യം ഉപകരണങ്ങൾ വാങ്ങുന്നതിനും പാലക്കാട് സി.എം.ജി മ്യൂസിക് കോളേജിൽ ജനറൽ ലൈബ്രറി നവീകരണത്തിന്റെ ഭാഗമായി പുസ്തകങ്ങൾ സൂക്ഷിക്കുന്നതിനുള്ള ഫർണ്ണിച്ചർ വാങ്ങുന്നതിനും പി.ഡി അക്കൗണ്ടിൽ നിന്നും തുക വിനിയോഗിക്കുന്നതിന് അനുവാദം നൽകണമെന്ന് സൂചന (2) പ്രകാരം കോളേജ് വിദ്യാഭ്യാസ ഡയറക്ടർ അഭ്യർത്ഥിക്കുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പി.ഡി അക്കൗണ്ടിലെ തുക വിനിയോഗിക്കുന്നതു സംബന്ധിച്ച മാർഗ്ഗ നിർദ്ദേശങ്ങളുടെയും പരാമർശം (1) ലെ സർക്കാർ ഉത്തരവിന്റെയും അടിസ്ഥാനത്തിൽ, കോഴിക്കോട് ഗവ.ആർട്സ് & സയൻസ് കോളേജിലേക്ക് ജിംനേഷ്യം ഉപകരണങ്ങൾ വാങ്ങുന്നതിനും പാലക്കാട് സി.എം.ജി മ്യൂസിക് കോളേജ് ജനറൽ ലൈബ്രറിയിലെ പുസ്തകങ്ങൾ സൂക്ഷിക്കുന്നതിന് അലമാര വാങ്ങുന്നതിനുമുള്ള തുക പി.ഡി അക്കൗണ്ടിൽ നിന്നും വിനിയോഗിക്കുന്നതിനുള്ള അനുമതി നൽകി ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
വിജയകുമാർ ആർ
അഡീഷണൽ സെക്രട്ടറി

കോളേജ് വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.
പ്രിൻസിപ്പാൾ, ഗവ.ആർട്സ് & സയൻസ് കോളേജ്, കോഴിക്കോട്.
പ്രിൻസിപ്പാൾ, സി.എം.ജി മ്യൂസിക് കോളേജ്, പാലക്കാട്.
പ്രിൻസിപ്പാൾ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ(എ&ഇ) കേരള, തിരുവനന്തപുരം.
ധനകാര്യ വകുപ്പ്(169533/വിദ്യാ-സി 2/56/2021-ധന)
www.highereducation.kerala.gov.in
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ